പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4250 20.03.2018-ലെ മറുപടിക്ക്

## ചാലക്കുടി കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചാലക്കുടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഡ്രൈവർ, മെക്കാനിക് തസ്തികകളിൽ (യഥാക്രമം 16, 10) ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇപ്പോൾ നിലനിൽക്കുന്ന ബസ്-ജീവനക്കാരുടെ അനുപാതമനുസരിച്ചുള്ള കണക്കനുസരിച്ചാണ് ഡ്രൈവർ, മെക്കാനിക്ക് തസ്തികകളിൽ (യഥാക്രമം 16,10) ജീവനക്കാരുടെ കുറവ് കണക്കാക്കി ഒഴിഞ്ഞ് കിടക്കുന്നതായി പറയുന്നത്. |
| (ബി) | ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ, പ്രൊഫ.സുശീൽ ഖന്നയുടെ പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാരുടെ അനുപാതം തിട്ടപ്പെടുത്തിയതിന് ശേഷം മാത്രമേ ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | നേരത്തെ സർവ്വീസ് നടത്തിയിരുന്നതും എന്നാൽ പെർമിറ്റ് അവസാനിച്ചതിനാൽ നിർത്തലാക്കുകയും ചെയ്ത നാല് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പകരമായി കൂടുതൽ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ അനുവദിക്കുന്നതിനും ഒരു സൂപ്പർ ഫാസ്റ്റ് ബസ്സ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സൂപ്പർ ഫാസ്റ്റ് ബസുകളുടെ കുറവ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ